● ലേഖനം

● ഡോ. യൂസുഫുൽ ഖറദാവി

ഖുർആനുമായി നാം ഇടപഴകേണ്ടതെങ്ങനെ? (7)

# ഖുർആന്റെ ഉദ്ദിഷ്ട ലക്ഷ്യങ്ങൾ
# ഇബാദത്ത്, തഖ്‌വ, തസ്കിയത്ത്

**തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന ആത്മാവ് കുറ്റപ്പെടുത്തുന്ന ആത്മാവും അത് പിന്നീട് ശാന്തിയടഞ്ഞ ആത്മാവുമാകുന്ന അവസ്ഥയാണ് യഥാർത്ഥത്തിൽ സംസ്കരണം നേടി എന്നതിന്റെ വിവക്ഷ.**

ദൈവത്തിന്റെ കാരുണ്യം, ജ്ഞാന വിശാലത, സമഗ്രേച്ഛ, നിർമാണ മഹത്വം, ശക്തി, യുക്തിയുടെ പാരമ്യം, സ്തുതിപാഠനം, രക്ഷാകർതൃത്വത്തിന്റെ അടയാളങ്ങൾ, ദൈവിക ദാസ്യത്തിന് പ്രേരണ, ഔദാര്യ പ്രതീക്ഷ, ശിക്ഷാ ഭീതി, ദൈവികാഭിമുഖ്യത്തിന്റെയും ആത്മാർഥതയുടെയും ആവശ്യകത, അവന്റെ സ്നേഹത്തിൽ ലയിച്ചുചേരേണ്ടതിന്റെയും അവനിൽ ഇണങ്ങിക്കഴിയേണ്ടതിന്റെയും അവനെ കൊതിക്കേണ്ടതിന്റെയും, അവനെ സ്മരിച്ച് മനഃശാന്തിയടഞ്ഞ, അവനെ സ്തുതിച്ചും നന്നായി ഇബാദത്ത് ചെയ്തും അവനിൽ ഭരമേൽപിച്ചും, അവന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന പരീക്ഷണങ്ങളിൽ ക്ഷമിച്ചും, അവന്റെ വിധി വിഹിതത്തിൽ സംതൃപ്തിയടഞ്ഞും ജീവിക്കേണ്ടതിന്റെയും പ്രാധാന്യം ഖുർആനോളം വിസ്തരിച്ച് ചർച്ച ചെയ്ത മറ്റൊരു ദൈവിക ഗ്രന്ഥവുമില്ലതന്നെ. ഇവയത്രയും ഏറ്റവും നല്ല ശൈലിയിലും വ്യക്തതയോടെയും അത് കൈകാര്യം ചെയ്തിരിക്കുന്നു. ദൈവത്തെ വാഴ്ത്തിക്കൊണ്ടാണ് ഖുർആന്റെ തുടക്കം തന്നെ. പ്രതിദിനം അഞ്ചുനേരങ്ങളിലായി നടക്കുന്ന നിർബന്ധ നമസ്കാരങ്ങളിൽ ഖുർആനിലെ ഈ ഉള്ളടക്കമുള്ള ഒന്നാം അധ്യായം നിർബന്ധമായും പാരായണം ചെയ്തിരിക്കണമെന്ന് അല്ലാഹു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഖുർആന്റെ അവസാനത്തിലുള്ള ഇഖ്‌ലാസ്, ഫലഖ്, നാസ് എന്നീ അധ്യായങ്ങളും ഇതേ ആശയമാണുൾക്കൊള്ളുന്നത്. ഒന്നാമത്തെയും അവസാനത്തെയും അധ്യായങ്ങൾക്കിടയിലെ ഓരോ പേജും അല്ലാഹുവിന്റെ മഹത്വത്തിനും സൗന്ദര്യത്തിന്നുമനുസൃതമായ രീതിയിൽ അവനെ വാഴ്ത്തുന്നവയാണ്. സന്തുലിതമായി ശരിപ്പെടുത്തിയ മനുഷ്യനിലൂടെയും കുറ്റമറ്റ പ്രാപഞ്ചിക സൃഷ്ടിയിലൂടെയും അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തെ സാക്ഷ്യപ്പെടുത്തുന്നവയാണ്. പ്രവാചകന്മാരുടെ ദൗത്യങ്ങൾ, സത്യവിശ്വാസികളുടെ വീരസാക്ഷ്യങ്ങൾ, സത്യനിഷേധികളുടെ നിലപാടുകൾ, ജേതാക്കളുടെയും പരാജിതരുടെയും പരിണാമം, ദൈവിക നിർദ്ദേശങ്ങളുടെയും ശാസനാ നിരോധങ്ങളുടെയും രീതികൾ മുതലായവയും ഖുർആനിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്നു.

അല്ലാഹു എന്ന നാമം 2697 തവണ ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നു. കൂടാതെ അല്ലാഹുവിലേക്ക് സൂചിപ്പിക്കുന്ന അവ്യയമായി അസംഖ്യം തവണ വേറെയും പ്രയോഗിച്ചിരിക്കുന്നു. അല്ലാഹുവിനെ ഉദ്ദേശിച്ച് റഹ്മാൻ, റഹീം, അലിം, ഹകീം, അലി, ഖദീർ, സമീഅ്, ബസ്വീർ, ലത്വീഫ്, ഖബീർ, റബ്ബ് മുതലായവയും യഥാവസരം ധാരാളമായി പ്രയോഗിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ വിവിധതരം പ്രവർത്തനങ്ങളാണ് മറ്റൊരു വക. സൃഷ്ടിപ്പ്, അന്നദാനം, നൽകൽ, തടയൽ, ജീവിപ്പിക്കൽ, മരിപ്പിക്കൽ, ഉണ്ടാക്കൽ, സഹായിക്കൽ, പ്രതാപം നൽകൽ, നിന്ദിക്കൽ, ചിരിപ്പിക്കൽ, കരയിപ്പിക്കൽ, രക്ഷപ്പെടുത്തൽ, നശിപ്പിക്കൽ, സഹായിക്കൽ, കൈവെടിയൽ മുതലായവ അല്ലാഹുവിലേക്ക് ചേർത്തുപറഞ്ഞ പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്.

അല്ലാഹുവിനെ അവന്റെ സൃഷ്ടികൾക്ക് പരിചയപ്പെടുത്തലാണ് ഖുർആന്റെ ലക്ഷ്യമെന്നിരിക്കെ ഖുർആനിൽ അല്ലാഹുവെക്കുറിച്ച വർധിച്ച വിവരണ സാന്നിധ്യം തികച്ചും സ്വാഭാവികമാണ്. സൃഷ്ടികളെ അല്ലാഹുവുമായി കൂട്ടിയിണക്കുക, തന്റെ ഔദാര്യങ്ങളിലൂടെയും അനുഗ്രഹങ്ങളിലൂടെയും അവർക്ക് പ്രിയങ്കരനാവുക, ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുക, അത് തിരിച്ചറിഞ്ഞ് അവങ്കലേക്ക് ഖേദിച്ചുമടങ്ങുക, അവന്റെ ജീവിതക്രമമനുസരിച്ച് സഞ്ചരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യം.

**അല്ലാഹുവിനെ അവന്റെ സൃഷ്ടികൾക്ക് പരിചയപ്പെടുത്തലാണ് ഖുർആന്റെ ലക്ഷ്യമെന്നിരിക്കെ ഖുർആനിൽ അല്ലാഹുവെക്കുറിച്ച വർധിച്ച വിവരണ സാന്നിധ്യം തികച്ചും സ്വാഭാവികമാണ്. സൃഷ്ടികളെ അല്ലാഹുവുമായി കൂട്ടിയിണക്കുക, തന്റെ ഔദാര്യങ്ങളിലൂടെയും അനുഗ്രഹങ്ങളിലൂടെയും അവർക്ക് പ്രിയങ്കരനാവുക, ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുക, അത് തിരിച്ചറിഞ്ഞ് അവങ്കലേക്ക് ഖേദിച്ചുമടങ്ങുക, അവന്റെ ജീവിതക്രമമനുസരിച്ച് സഞ്ചരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യം.**

മനുഷ്യസൃഷ്ടിയുടെ മുഖ്യോദ്ദേശ്യമായി ഖുർആൻ പരിചയപ്പെടുത്തുന്നത് അല്ലാഹുവിന്നുള്ള ഇബാദത്താണ്. 'മനുഷ്യ-ജിന്ന് വർഗങ്ങളെ എനിക്ക് ഇബാദത്ത് ചെയ്യാനായല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല' (ദാരിയാത്ത്:56) മനുഷ്യന്റെ സ്രഷ്ടാവും അന്നദാതാവും നിയന്ത്രകനും അനുഗ്രഹസ്രോതസ്സുമായ അല്ലാഹു ചെയ്തുതന്നെ അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുക സാധ്യമല്ല. 'അല്ലാഹുവിന്റെ അനുഗ്രഹത്തെ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്ക് അവ തിട്ടപ്പെടുത്താനാവില്ല' (ഇബ്റാഹീം:34, നഹ്ൽ:14) സൃഷ്ടിപ്പ്, ആഹാരം, ബുദ്ധി, ഇഛ, ശക്തി, ഭാഷണ-ലേഖന ശേഷി, പ്രപഞ്ചത്തെ മനുഷ്യർക്ക് കീഴ്പ്പെടുത്തിത്തന്നത് മുതലായവ ഈ അനുഗ്രഹങ്ങളിൽ ചിലത് മാത്രം. അലഖ്:1-5, റഹ്മാൻ:1-4, ബലദ്:8-10 എന്നിവ കാണുക. 'ജനങ്ങളേ, നിങ്ങൾ അല്ലാഹു ചെയ്തുതന്ന അനുഗ്രഹത്തെക്കുറിച്ച് ഓർക്കുക. അല്ലാഹു അല്ലാത്ത ഏതെങ്കിലും സ്രഷ്ടാവ് ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം തരുന്നുണ്ടോ' (ഫാത്വിർ:3) 'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം നിങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നതും തന്റെ അനുഗ്രഹങ്ങൾ ബാഹ്യമായും ആന്തരികമായും നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നതും തീർച്ചയായും അല്ലാഹു ആണെന്ന് നിങ്ങൾ കാണുന്നില്ലേ?' (ലുഖ്മാൻ:20).


ഖുർആനിലെ ധാരാളം അധ്യായങ്ങളിൽ അനുഗ്രഹങ്ങളെക്കുറിച്ച് വിസ്തരിച്ച വിവരണം കാണാം. 'സൂറത്തുന്നിഅം' 'അനുഗ്രഹങ്ങളെക്കുറിച്ച് പരാമർശിക്കുന്ന അധ്യായം' എന്നറിയപ്പെടുന്ന 'നഹ്ൽ അധ്യായത്തിൽ പ്രകടമായ ഒട്ടേറെ അനുഗ്രഹങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു.

അനുഗ്രഹദായകനായ അല്ലാഹുവിന്ന് നന്ദി ചെയ്യുക, നന്ദികേട് കാണിക്കാതിരിക്കുക, അവനെ സ്മരിക്കുക, വിസ്മരിക്കാതിരിക്കുക, അവനെ അനുസരിക്കുക, ധിക്കരിക്കാതിരിക്കുക മുതലായവ നിഷ്ക്കളങ്കമായ ഇബാദത്തിലൂടെ മാത്രമെ സാക്ഷാൽകൃതമാവൂ. അതിനാൽ, തന്നെ ഇബാദത്ത് അവന്റെ മാത്രം അവകാശമാണ്. 'മനുഷ്യരേ, നിങ്ങൾ നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിന് ഇബാദത്ത് ചെയ്യുക, നിങ്ങൾ ദൈവഭക്തിയുള്ളവരായേക്കാം. ഭൂമിയെ നിങ്ങൾക്ക് വിരിപ്പാക്കിത്തന്നവനും ആകാശത്തെ മേലാപ്പാക്കിയവനുമാണവൻ. അവൻ ആകാശത്ത് നിന്ന് മഴവർഷിച്ച് അത് വഴി നിങ്ങൾക്ക് ഭക്ഷണമായി പഴങ്ങൾ ഉൽപ്പാദിപ്പിച്ചുതന്നു. ആയതിനാൽ, നിങ്ങൾ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്ന് സമന്മാരെ ഉണ്ടാക്കരുത്' (ബഖറഃ 21, 22). ഇസ്‌ലാമിനെ പോലെ, വിവിധ ആരാധനാകർമങ്ങളിലൂടെ മനുഷ്യരെ അല്ലാഹുവുമായി ഋജുവായി ബന്ധിപ്പിക്കുന്ന മറ്റൊരു മതവുമില്ല. ദിനേന അഞ്ചുനേരം നിർവഹിക്കുന്ന നമസ്കാരം, വാരാന്ത ജുമുഅഃ പ്രാർഥന, വർഷാന്ത റമദാൻ, ആയുസ്സിലൊരിക്കൽ നിർബന്ധമാവുന്ന ഹജ്ജ് എന്നിവ ഇതിനുദാഹരണമാണ്. ഇബാദത്തുകളെ അവയുടെ അനുഷ്ഠാന സ്വഭാവമനുസരിച്ച് ക്രിയാപരം (നമസ്കാരം) നിഷേധാത്മകം (നോമ്പ്), ശാരീരികം (നമസ്കാരം, നോമ്പ്) സാമ്പത്തികം (സകാത്ത്), ശാരീരികവും സാമ്പത്തികവും (ജിഹാദ്, ഹജ്ജ്) എന്നിങ്ങനെ തരംതിരിക്കാം.

നിർബന്ധ വ്യക്തിബാധ്യത എന്ന നിലയിൽ നിർവ ഹിക്കപ്പെടേണ്ടവ എന്നതാണ് ചില ഇബാദത്തുകളുടെ സവിശേഷത. (നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്) മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാ ഥകൾക്കും അഗതികൾക്കും, അടുത്ത ബന്ധുവായ അയൽവാസി, പാർശ്വവർത്തി, വഴിപോക്കർ മുതലായ വർക്കുള്ള കടമകൾ സാമൂഹിക ബാധ്യതയായി നിശ്ച യിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും വ്യക്തികൾ നിർവഹി ച്ചാൽ സമൂഹം കുറ്റവിമുക്തമാക്കപ്പെടുന്ന തരം പൊതു ബാധ്യതകളാണ് മറ്റൊരുവക. മയ്യിത്ത്, പെരുന്നാൾ നമ സ്കാരങ്ങൾ, സമൂഹാംഗങ്ങൾക്കിടയിലെ പരസ്പര സംര ക്ഷണബാധ്യത, സമൂഹസുരക്ഷക്കാവശ്യമായ ഭൗതി കവും സൈനികവും മറ്റുമായ സന്നാഹങ്ങൾ, വൈജ്ഞാ നിക രംഗത്ത് പ്രഗൽഭരായ വ്യക്തിത്വങ്ങളെ വളർത്തി യെടുക്കൽ, സാങ്കേതിക മേഖലയിൽ വിദഗ്ധരെ സൃഷ്ടി ക്കൽ മുതലായവ ഈ ഇനത്തിൽ പെടുന്നു.

ദൈവസ്മരണ, പ്രാർത്ഥന, പാപമോചനാർത്ഥന, ഖുർആൻ പാരായണം മുതലായവ ഐഛികവും അഭി കാമ്യവുമായ ഇബാദത്തുകൾക്കുദാഹരണമാണ്. ഇത്രയും വിവരിച്ച എല്ലാ ഇബാദത്തുകളും ചേർന്ന് മുസ്‌ലിമിനെ അല്ലാഹുവിനെ ഭക്തിയോടെ വിശ്വസിച്ച ടിമപ്പെടാൻ സഹായിക്കുന്നു. 'നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച അല്ലാഹുവിന്ന് നിങ്ങൾ ഇബാദത്ത് ചെയ്യുക, നിങ്ങൾ ഭക്തരായേക്കാം' (ബ ഖറഃ21).

അല്ലാഹുവിനെ പ്രകോപിപ്പിക്കുന്ന കാര്യങ്ങളിൽ നിന്ന് അകന്നുനിൽക്കുക എന്നാണ് തഖ്‌വയുടെ വിവ ക്ഷ. നിരോധിച്ചവ പ്രവർത്തിക്കുന്നതും കൽപിച്ചവ അനു സരിക്കാതിരിക്കുന്നതും അവന്റെ കോപത്തിന്ന് ഹേതു വാകും. 'അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കലും, നിരോധങ്ങൾ വെടിയലുമാണ് തഖ്‌വ' എന്ന് പണ്ഡിത ന്മാർ നിർവചിച്ചത് അതിനാലാണ്. തഖ്‌വയുടെ അടി സ്ഥാനം അല്ലാഹുവോടുള്ള ഭയമാണ്, ഭയമാവട്ടെ ഹൃദ യത്തിന്റെ പ്രവർത്തനമാണ്. അതുകൊണ്ടുതന്നെ ഖുർ ആൻ തഖ്‌വയെ ഹൃദയവുമായി ബന്ധപ്പെടുത്തിയാണ് പരാമർശിച്ചിരിക്കുന്നത്. '..... അല്ലാഹു നിശ്ചയിച്ച ചിഹ്ന ങ്ങളെ വല്ലവരും ആദരിക്കുന്നുവെങ്കിൽ അത് ഹൃദയങ്ങ ളുടെ ഭക്തിയത്രെ' (ഹജ്ജ്:32). 'ഭക്തി ഹൃദയത്തിലാ ണെന്ന്' ഹൃദയത്തിലേക്ക് ചൂണ്ടി നബി(സ) മൂന്നുതവണ ആവർത്തിക്കുകയുണ്ടായി (മുസ്‌ലിം). തഖ്‌വ നേടിയെ ടുത്താലെ അല്ലാഹുവിന്റെ കൽപനകൾ സ്വീകരിക്കാ നുള്ള ശാരീരികവും മാനസികവുമായി സന്നദ്ധയുണ്ടാ വുകയുള്ളൂ. അതിനാൽ, തഖ്‌വ നേടിയെടുക്കാൻ ആഹ്വാനം ചെയ്ത ശേഷമാണ് കൽപനകൾ സ്വീകരി ക്കാൻ അല്ലാഹു ആവശ്യപ്പെടുന്നത്. ചില ഉദാഹരണ ങ്ങൾ കാണുക: 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാ ഹുവെ സൂക്ഷിക്കുക. അവങ്കലേക്ക് അടുക്കാൻ ആവ ശ്യമായ മാർഗം സ്വീകരിക്കുക. നിങ്ങൾ അവന്റെ മാർഗ ത്തിൽ സമരം ചെയ്യുക. നിങ്ങൾ വിജയിച്ചേക്കാം' (മാ



ഇദഃ 35). 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ നേരായ വർത്തമാനം പറയുക. നിങ്ങളുടെ കർമങ്ങളെ അവൻ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾക്ക് പൊറുത്തു തരി കയും ചെയ്യും' (അഹ്സാബ്:70,71) 'സത്യവിശ്വാസിക ളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുകയും സത്യസന്ധരുടെ കൂടെയാവുകയും ചെയ്യുക' (തൗബഃ 119), 'ആയതിനാൽ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും, നിങ്ങൾക്കിടയിലെ ബന്ധങ്ങളെ നന്നാക്കുകയും, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കു കയും ചെയ്യുക. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ' (അൻഫാൽ:1).

ചില സ്ഥലങ്ങളിൽ നിരോധങ്ങൾക്ക് മുമ്പായാണ് തഖ്‌വയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്. നിരോധം ഫല വത്താകണമെങ്കിൽ അതിന് പാകപ്പെടുമാറ് ആദ്യം മന സ്സിൽ ഭക്തിയുണ്ടാകണമെന്നുസാരം. 'സത്യ വിശ്വാസി കളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, പലിശയിൽ നിന്ന് മിച്ചമുള്ളത് നിങ്ങൾ ഉപേക്ഷിക്കുക, നിങ്ങൾ വിശ്വാ സികളെങ്കിൽ' (ബഖറഃ 278).

ശാസനാ നിരോധങ്ങളുടെ പാലനത്തിന് പ്രേരണ യാകുമാറ് അവയെക്കുറിച്ച് പരാമർശിച്ചശേഷം തഖ്‌വയെ ക്കുറിച്ച് ഓർമപ്പെടുത്തുന്ന ശൈലിയും ഖുർആൻ സ്വീക രിച്ചിട്ടുണ്ട്. 'നിങ്ങൾ വീടുകളുടെ പിൻഭാഗങ്ങളിലൂടെ ചെല്ലുന്നതല്ല പുണ്യം, നിങ്ങൾ വീടുകളിൽ കവാടങ്ങളി ലൂടെ പ്രവേശിക്കുക, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു ക, നിങ്ങൾ വിജയിച്ചേക്കാം' (ബഖറഃ 189). 'നിങ്ങളുടെ മേൽ ആരെങ്കിലും അതിക്രമിച്ചാൽ നിങ്ങളുടെ മേൽ അതിക്രമിച്ചപോലെ നിങ്ങളും അതിക്രമിക്കുക, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, അല്ലാഹു ഭക്തന്മാർക്കൊപ്പ മാണെന്ന് നിങ്ങൾ അറിയുക' (ബഖറഃ 194) കുഞ്ഞു

ങ്ങൾക്ക് മുലകൊടുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് ശേഷം പറയുന്നു: 'നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു കാണുന്നു എന്ന് നിങ്ങൾ അറിയുക' (ബഖറഃ 233). കടമിടപാട് നിയമം വിവരിച്ചശേഷം പറയുന്നു: 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അല്ലാഹു നിങ്ങളെ പഠിപ്പിക്കുന്നു, അല്ലാഹു എല്ലാറ്റിനെക്കുറിച്ചും നന്നായി അറിയുന്നവനത്രെ' (ബഖറഃ 282). 'സത്യവിശ്വാസികളേ, ക്ഷമയോടെ പ്രവർത്തിക്കുക, അസത്യത്തിന്റെ വാഹകർക്കെതിരിൽ ധീരരായിരിക്കുക. സത്യസേവനത്തിന്ന് പൂർണ്ണ സന്നദ്ധരായിരിക്കുക. അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുക - നിങ്ങൾക്ക് വിജയം പ്രതീക്ഷിക്കാം' (ആലുഇംറാൻ:200). നിസാഅ്:1, മാഇദഃ 2 ഉൾപ്പെടെ ഇനിയും ഇത്തരം സൂക്തങ്ങൾ കാണാം.

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനങ്ങളെ അല്ലാഹുവിന്ന് ഭക്തിപുരസ്സരം ഇബാദത്ത്

**ഇബാദത്തുകളെ അവയുടെ അനുഷ്ഠാന സ്വഭാവമനുസരിച്ച് ക്രിയാപരം (നമസ്കാരം) നിഷേധാത്മകം (നോമ്പ്), ശാരീരികം (നമസ്കാരം, നോമ്പ്) സാമ്പത്തികം (സകാത്ത്), ശാരീരികവും സാമ്പത്തികവും (ജിഹാദ്, ഹജ്ജ്) എന്നിങ്ങനെ തരംതിരിക്കാം.**

ചെയ്യാൻ ആഹ്വാനം ചെയ്തു. ശുഅറാഅ് അധ്യായത്തിൽ നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്, ശുഐബ് നബിമാർ തങ്ങളുടെ സമൂഹങ്ങളോട് 'നിങ്ങൾ അല്ലാഹുവിനോട് ഭക്തിപുലർത്തുവിൻ' എന്നുപറയുന്നത് കാണാം. മുൻ-പിൻ സമുദായങ്ങൾക്കത്രയും ഈ ഉപദേശം നൽകിയിരുന്നതായി ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. 'നിങ്ങൾക്ക് മുമ്പുള്ള വേദാവകാശികളോടും നിങ്ങളോടും നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് നാം ശക്തിയായി ഉപദേശിച്ചിരിക്കുന്നു' (നിസാഅ്:131).

എന്നാൽ, സത്യവിശ്വാസികളോട് ആഹ്വാനം ചെയ്യുമ്പോൾ കുറെക്കൂടി ശക്തമായ ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമത്രെ. 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക, നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ തീർച്ചയായും മരിക്കരുത്' (ആലുഇംറാൻ:102) 'നിങ്ങൾ സാധിക്കുന്നത്രയും അല്ലാഹുവോട് ഭക്തി പുലർത്തുക' (തഗാബുൻ:16).

إذا أمرتكم بأمر فأتوا منه ماستطعتم

'ഞാൻ നിങ്ങളോട് ഒരു കാര്യം കൽപിച്ചാൽ നിങ്ങളാൽ ആവുന്നത്രയും നിർവഹിക്കുക' (ബുഖാരി, മുസ്ലിം).

തഖ്വയെന്നാൽ പാപങ്ങളിൽ നിന്നുള്ള പൂർണരക്ഷാകവചമെന്നല്ല. ഭക്തന്മാരെന്നാൽ വിശുദ്ധരായ മലക്കുകളെന്നോ പ്രവാചകന്മാരെന്നോ അർഥമവുമില്ല. തെറ്റുകൾ പറ്റാവുന്ന സാധാരണ മനുഷ്യരാണവർ. പക്ഷെ, അവരുടെ ബോധേന്ദ്രിയങ്ങളും മനഃസാക്ഷിയും സദാ ജാഗ്രത്തായിരിക്കും. 'യഥാർത്ഥത്തിൽ ദൈവഭക്തന്മാരായ ആളുകളുടെ അവസ്ഥയെന്തെന്നാൽ, എപ്പോഴെങ്കിലും ചെകുത്താന്റെ സ്വാധീനത്താൽ അവരിൽ ഒരു ദുർവിചാരമുണർന്നാൽ ഉടനെ അവർ ബോധവാന്മാരായിത്തീരുന്നു. അതോടെ, അവർക്ക് ശരിയായ മാർഗം കാണാറാകുന്നു' (അഅ്റാഫ്:201) തെറ്റിലേക്ക് വഴുതിവീണാൽ ഉടൻ തന്നെ നേർപാതയിലേക്ക് തരിച്ചുവരുന്നു എന്നു സാരം. 'ഒരു നീചകൃത്യം ചെയ്യാനോ അധർമത്തിലേർപ്പെട്ട് തങ്ങളെത്തന്നെ അക്രമിക്കാനോ ഇടയായാൽ ഉടനെ അല്ലാഹുവിനെ സ്മരിച്ച് തങ്ങളുടെ പാപങ്ങളിൽ നിന്ന് മോചനമർഥിക്കുന്നവരുമാകുന്നു അവർ. എന്തെന്നാൽ, പാപമോചനം നൽകുന്നവൻ അല്ലാഹുവല്ലാതാരുണ്ട്? അവർ, അറിഞ്ഞുകൊണ്ട് തങ്ങളുടെ ദുഷ്ചെയ്തികളിൽ ഉറച്ചുനിൽക്കുന്നതല്ല' (ആലുഇംറാൻ:135).

എല്ലാ ഇഹ-പര നന്മകളെയും ഖുർആൻ തഖ്വയുമായി ബന്ധപ്പെടുത്തുന്നുവെന്നത് ശ്രദ്ധേയമാണ്.

(1) പ്രയാസങ്ങളിൽ നിന്ന് രക്ഷ, ആഹാരത്തിന്ന് വക: 'ആരെങ്കിലും അല്ലാഹുവോട് ഭക്തി പുലർത്തുന്നുവെങ്കിൽ അവന്ന് അല്ലാഹു ഒരു തുറസ്സ് നൽകുന്നതും, അവൻ വിചാരിക്കാത്ത രീതിയിൽ അവന്ന് ആഹാരം നൽകുന്നതുമാണ്' (ത്വലാഖ്:2,3).

(2) പ്രയാസങ്ങൾക്ക് ലഘൂകരണം ലഭിക്കുക: 'ആരെങ്കിലും അല്ലാഹുവോട് ഭക്തിപുലർത്തുന്നുവെങ്കിൽ അവന്റെ കാര്യം അല്ലാഹു എളുപ്പമാക്കിക്കൊടുക്കും' (ത്വലാഖ്:4).

(3) ശത്രുക്കളിൽ നിന്ന് രക്ഷ: 'നിങ്ങൾ ക്ഷമിക്കുകയും ഭക്തിപുലർത്തുകയുമാണെങ്കിൽ അവരുടെ കുതന്ത്രം നിങ്ങൾക്ക് യാതൊരു ദ്രോഹവും വരുത്തുകയില്ല. (ആലുഇംറാൻ:12).

(4) അല്ലാഹുവിന്റെ സഹവർത്തിത്വം: 'നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു സൂക്ഷ്മാലുക്കൾക്കൊപ്പമാ

ണെന്ന് നിങ്ങൾ അറിയുകയും ചെയ്യുക' (ബഖറഃ 194).

(5) 'അല്ലാഹുവിന്റെ സ്നേഹം: 'തീർച്ചയായും അല്ലാഹു ഭക്തന്മാരെ സ്നേഹിക്കുന്നു' (തൗബഃ4).

(6) അല്ലാഹുവിന്റെ രക്ഷാകർതൃത്വം: 'അറിയുക! തീർച്ചയായും അല്ലാഹു രക്ഷാചുമതല ഏറ്റവർക്ക് ഭയമില്ല, അവർ ദുഃഖിക്കേണ്ടതുമില്ല. അവർ സത്യവിശ്വാസം സ്വീകരിച്ചവരും ഭക്തി പുലർത്തുന്നവരുമാകുന്നു. (യൂനുസ്:62,63).

(7) ഭക്തിയുടെ നിലവാരമനുസരിച്ച് അല്ലാഹുവിങ്കൽ ആദരണീയത: 'തീർച്ചയായും നിങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ നിങ്ങളിലെ പരമ ഭക്തനത്രെ!' (ഹുജുറാത്ത്:13).

(8) ഖുർആനിക സന്മാർഗം: 'ആ ഗ്രന്ഥം, അതിൽ സംശയമേയില്ല, അത് ഭക്തന്മാർക്ക് സന്മാർഗമാണ്' (ബഖറഃ2).

(9) അല്ലാഹുവിങ്കൽ കർമങ്ങൾക്ക് സ്വീകാര്യത: 'തീർച്ചയായും അല്ലാഹു ഭക്തന്മാരിൽ നിന്ന് മാത്രമെ സ്വീകരിക്കുകയുള്ളൂ' (മാഇദഃ 27).

(10) സ്വർഗപ്രാപ്തി: 'നിങ്ങൾ നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും, ആകാശങ്ങളുടെയും ഭൂമിയുടെയും വീതിയുള്ള സ്വർഗത്തിലേക്കും വേഗത്തിൽ ചെല്ലുക. ആ സ്വർഗം ഭക്തന്മാർക്കായി സജ്ജമാക്കപ്പെട്ടതാണ്' (ആലുഇംറാൻ:133).

(11) നരകത്തിൽ നിന്ന് രക്ഷ: 'ഭക്തിപുലർത്തിയവരാരോ, അവരവലംബിച്ച വിജയോപാധികൾ നിമിത്തം അല്ലാഹു അവർക്ക് രക്ഷ നൽകുന്നതാകുന്നു. അവരെ യാതൊരു ദോഷവും ബാധിക്കുകയില്ല. അവർ ദുഃഖിക്കാൻ സംഗതിയാവുകയുമില്ല' (സുമർ:61).

ഖുർആൻ തഖ്‌വയിലേക്ക് ജനങ്ങളെ ക്ഷണിക്കാനായി വിവിധ ശൈലികൾ സ്വീകരിച്ചിട്ടുണ്ട്. ഭക്തികൈകൊള്ളാൻ കൽപന, ഭക്തിയുടെ സ്വാധീനങ്ങളെക്കുറിച്ച വിവരണം, ഭക്തരെക്കുറിച്ച മഹത്വൽക്കരണം, അവരുടെ നന്മകളെക്കുറിച്ച പ്രോത്സാഹനം, ശ്രേഷ്ഠതകളെക്കുറിച്ച അനാവരണം, അത്തരം ഗുണങ്ങൾ അവഗണിക്കുന്നതിന്റെ ദോഷം, ഭക്തിവിരുദ്ധമായ ദുർഗുണങ്ങളെക്കുറിച്ച ഭർത്സനം മുതലായവ പ്രധാന ശൈലികളാണ്. ഇതിലൂടെ ഭക്തന്മാരും അധർമികളും വ്യക്തമായി വേർതിരിയുന്നു.

## ആത്മീയ സംസ്കാരം

ആത്മീയ സംസ്കരണമാണ് ഖുർആന്റെ മറ്റൊരു ലക്ഷ്യം. അത് സാധിതമാവാതെ ഇഹ-പര ക്ഷേമ-മോക്ഷം പ്രാപ്യമാവില്ല. 'ആത്മാവാണ, അതിനെ സന്തുലിതമാക്കുകയും എന്നിട്ട് അതിന്ന് ധർമ്മാധർമങ്ങൾ ബോധനം കൊടുക്കുകയും ചെയ്ത അസ്തിത്വവുമാണ, നിശ്ചയം ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം പ്രാപിച്ചു. അതിനെ ചവിട്ടിത്താഴ്ത്തിയവൻ പരാജയപ്പെട്ടു' ശംസ്:7-10). ആത്മാവിനെ ശുദ്ധീകരിക്കുന്ന ദൈവഭക്തി സ്വീകരിക്കാനെന്നപോലെ, അതിനെ മലിനപ്പെടുത്താൻ കഴിയുന്ന ദൈവ ധിക്കാരം സ്വീകരിക്കാനും മനുഷ്യന്ന് സ്വാഭാവികമായിത്തന്നെ കഴിയും. ഇതിൽ ഏത് മാർഗം സ്വീകരിക്കണമെന്ന് തന്റെ ബുദ്ധിയും ഇഛയും ഉപയോഗിച്ച് മനുഷ്യൻ തന്നെയാണ് കണ്ടെത്തേണ്ടത്. സംസ്കരണമാർഗം തെരഞ്ഞെടുത്തയാൾ വിജയമാർഗം തെരഞ്ഞെടുത്തു എന്നതിൽ സംശയമില്ല. 'സംസ്കരണം നേടിയവൻ തീർച്ചയായും വിജയിച്ചു' (അഅ്‌ലാ:14) 'സൽകർമങ്ങളനുഷ്ഠിച്ച്

**തഖ്‌വയുടെ അടിസ്ഥാനം അല്ലാഹുവോടുള്ള ഭയമാണ്, ഭയമാവട്ടെ ഹൃദയത്തിന്റെ പ്രവർത്തനമാണ്. അതുകൊണ്ടു തന്നെ ഖുർആൻ തഖ്‌വയെ ഹൃദയവുമായി ബന്ധപ്പെടുത്തിയാണ് പരാമർശിച്ചിരിക്കുന്നത്. '..... അല്ലാഹു നിശ്ചയിച്ച ചിഹ്നങ്ങളെ വല്ലവരും ആദരിക്കുന്നുവെങ്കിൽ അത് ഹൃദയങ്ങളുടെ ഭക്തിയത്രെ' (ഹജ്ജ്:32). 'ഭക്തി ഹൃദയത്തിലാണെന്ന്' ഹൃദയത്തിലേക്ക് ചൂണ്ടി നബി(സ) മൂന്നുതവണ ആവർത്തിക്കുകയുണ്ടായി (മുസ്‌ലിം).**

സത്യവിശ്വാസിയായിക്കൊണ്ട് ഹാജറകുന്നവനോ, അത്തരക്കാർക്കൊക്കെയും ഉന്നതപദവികളുണ്ട്. നിത്യവസന്തമണിഞ്ഞ ആരാമങ്ങൾ. അവയ്ക്കു കീഴിലൂടെ ആറുകളൊഴുകിക്കൊണ്ടിരിക്കും. അവർ അതിൽ ശാശ്വതമായി വസിക്കും. വിശുദ്ധികൈക്കൊള്ളുന്നവർക്കുള്ള പ്രതിഫലമാണിത്' (ത്വാഹാ:75,76).

എല്ലാ പ്രവാചകന്മാരും ആത്മീയ സംസ്കരണം നേടാനായി ജനങ്ങളെ ക്ഷണിച്ചു. ഫറോവയെ ക്ഷണിക്കാനായി നിയോഗിതനായ മൂസാ നബി നടത്തിയ ആഹ്വാനമായി ഖുർആൻ പരിചയപ്പെടുന്നത് കാണുക:

'നീ വിശുദ്ധി കൈക്കൊള്ളുവാൻ സന്നദ്ധനാണോ, ഞാൻ നിന്നെ നിന്റെ റബ്ബിങ്കലേക്ക് മാർഗദർശനം ചെയ്യാം, അങ്ങനെ നീ അവനെ ഭയപ്പെടുന്നവനാകാം' (നാസിആത്ത്:18,19).

മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് ആത്മസംസ്കരണമായി

രുന്നു. (അൽ ബഖറഃ 129, 151, ആലുഇംറാൻ:164, ജുമുഅഃ 2 എന്നിവ കാണുക).

തസ്കിയഃ എന്നതിന്റെ വിവക്ഷ വിശുദ്ധിയും വളർച്ചയും നേടുക എന്നത്രെ. ഒന്ന്: ബഹുദൈവ വിശ്വാസവുമായി ബന്ധപ്പെട്ട അന്ധമായ സങ്കൽപങ്ങളിൽ നിന്ന് ബുദ്ധിയെയും, ജാഹിലിയ്യഃ വണക്കങ്ങളിൽ നിന്ന് ഹൃദയത്തെയും, മൃഗീയമായ ഇഛകളിൽ നിന്ന് ഇഛാശക്തിയെയും, ജാഹിലീ മാലിന്യങ്ങളിൽ നിന്ന് സ്വഭാവങ്ങളെയും ശുദ്ധീകരിക്കുക.

രണ്ട്: ബുദ്ധിയെ വിജ്ഞാനത്തിലൂടെയും ഹൃദയത്തെ വിശ്വാസത്തിലൂടെയും, ഇഛാശേഷിയെ സൽകർമങ്ങളിലൂടെയും, വ്യവഹാരങ്ങളെ നീതിയിലൂടെയും വളർത്തിയെടുക്കുക. നബി(സ) അറബികളെ ഖുർആനും തത്ത്വജ്ഞാനവും പഠിപ്പിച്ചു. വിഗ്രഹാരാധനാ ചിന്തകളും ജാഹിലീ വ്യതിചലനങ്ങളും തിരുത്തി. ഏകദൈവവിശ്വാസജ്ഞാനത്തിലും സത്യവിശ്വാസത്തിന്റെ സവിശേഷതകളിലുമൂന്നി അവരെ 'ജനങ്ങൾക്ക് വേണ്ടി ഉയിർത്തെഴുന്നേൽപിക്കപ്പെട്ട ഉത്തമസമുദായമാക്കി'മാറ്റി (ആലുഇംറാൻ:110). അല്ലാഹുവിന്റെ അപാരമായ ഔദാര്യത്താലാണ് ഇത് സാധിതമായത്. 'നിങ്ങളുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, നിങ്ങളിൽ ഒരാളും ഒരിക്കലും ശുദ്ധിയുള്ളവനാവുകയില്ലായിരുന്നു' അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ ശുദ്ധീകരിക്കുന്നു. അല്ലാഹു സകലതും കേൾക്കുന്നവനും അറിയുന്നവനുമല്ലോ' (നൂർ:21). മനുഷ്യരുടെ ഭാഗത്തുനിന്നുള്ള ശ്രമങ്ങളുണ്ടാവുമ്പോഴാണ് സംസ്കരണം ലക്ഷ്യത്തിലെത്തുക. 'ആരെങ്കിലും ആത്മസംസ്കരണം നേടിയാൽ, അയാൾ തനിക്ക് വേണ്ടിത്തന്നെയാണ് ആത്മസംസ്കരണം നേടുന്നത്...' (ഫാത്വിർ:18). ആത്മസംസ്കരണം ലക്ഷ്യംവെച്ചുകൊണ്ട് തന്നെ വന്നുകണ്ട തന്റെ അന്ധനായ അനുയായിയെ വേണ്ടത്ര പരിഗണിക്കാതിരുന്ന നബി(സ)യെ അല്ലാഹു കുറ്റപ്പെടുത്തി: 'താങ്കൾക്ക് എന്തറിയാം, അയാൾ ആത്മസംസ്കരണം നേടിയേക്കാം' (അബസഃ 1-3).

ആത്മസംസ്കരണത്തിൽ ആരാധനകൾക്ക് വലിയ പങ്കുണ്ട്. 'താങ്കൾ അവരുടെ സമ്പത്തുക്കളിൽ നിന്ന് അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന സകാത്ത് സ്വീകരിക്കുക' (തൗബഃ 103) ആത്മീയത സാധ്യമാകുന്നതിലൂടെ ജീവിതത്തിൽ അതിന്റെ സ്വാധീനം പ്രകടമായിരിക്കും. ലൈംഗിക സദാചാര രംഗത്തെക്കുറിച്ച് ഖുർആൻ പറയുന്നു: 'നബിയേ താങ്കൾ സത്യവിശ്വാസികളോട് അവരുടെ കണ്ണുകൾ താഴ്ത്താനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും പറയുക. അതാണ് അവർക്ക് പരിശുദ്ധികരം. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനിയാണ്' (നൂർ:30).

വീടുകളിൽ പ്രവേശിക്കുമ്പോൾ അനുവാദം ആരായേണ്ടതിനെക്കുറിച്ച് പറയവെ ഇങ്ങനെ കാണാം:



'നിങ്ങൾ തിരിച്ചുപോവുക എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ മടങ്ങിപ്പോവുക. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധികരം' (നൂർ:28). കുടുംബവിഷയങ്ങളിൽ അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കേണ്ടത് ആത്മ സംസ്കരണത്തിൽ പ്രധാനമാണെന്ന് ഖുർആൻ ഉണർത്തുന്നു: 'നിങ്ങൾ സ്ത്രീകളെ വിവാഹമോചനം നടത്തുകയും അവർ ഇദ്ദ പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ, അവർ തെരഞ്ഞെടുക്കുന്ന ഭർത്താക്കളെ വിവാഹം ചെയ്യുന്നതിൽ നിന്നുനിങ്ങളവരെ മുടക്കാവതല്ല -ന്യായമായ രീതിയിൽ വിവാഹിതരാകുന്നതിന് അവർ പരസ്പരം തൃപ്തിപ്പെടുന്നുവെങ്കിൽ. ഒരിക്കലും അപ്രകാരം ചെയ്യരുതെന്ന് നിങ്ങൾ ഉപദേശിക്കപ്പെടുന്നു - നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ. അതിൽ നിന്ന് അകന്നു നിൽക്കുക എന്നതുതന്നെയാകുന്നു നിങ്ങൾക്ക് ഏറ്റവും ശ്രേഷ്ഠവും പരിശുദ്ധവുമായ മാർഗം. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല. (ബഖറഃ 232). വ്യക്തികളുടെ നന്മയാണ് സമൂഹത്തിന്റെ നന്മ. ആത്മസംസ്കരണമാണ് വ്യക്തികളുടെ നന്മയുടെ അടിസ്ഥാനം. മറ്റൊരുവിധം പറഞ്ഞാൽ, തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന ആത്മാവ് കുറ്റപ്പെടുത്തുന്ന ആത്മാവും അത് പിന്നീട് ശാന്തിയടഞ്ഞ ആത്മാവുമാകുന്ന അവസ്ഥയാണ് യഥാർത്ഥത്തിൽ സംസ്കരണം നേടി എന്നതിന്റെ വിവക്ഷ. (യൂസുഫ്:53, ഖിയാമഃ 2, ഫജ്റ്:27,28 കാണുക).

തങ്ങളോട് തന്നെ ജിഹാദ് ചെയ്തുവേണം ആത്മസംസ്കരണത്തിന്റെ ഉന്നത പടിയിലെത്തിച്ചേരാൻ. 'നമ്മുടെ വിഷയത്തിൽ സമരം ചെയ്യുന്നവർക്ക് നാം തീർച്ചയായും നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കുക തന്നെ ചെയ്യും' (അൻകബൂത്ത്:69).

അൻഫാൽ, മുഅ്മിനൂൻ, റഅ്ദ്, ദാരിയാത്ത്, ഫുർഖാൻ, ഹുജുറാത്ത് മുതലായ അധ്യായങ്ങൾ സൽസ്വഭാവങ്ങളും തൗബഃ, നിസാഅ്, മുനാഫിഖൂർ മുതലായവ കപടവിശ്വാസമുൾപ്പെടെയുള്ള ദുസ്വഭാവങ്ങളും വിശദീകരിക്കുന്നവയാണ്. ■